# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ.1486 | 06/03/2020-ൽ<br>മറുപടിയ്ക്ക് |

## കോളേജുകളിലെ അക്കാദമിക നിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.കെ.ദാസൻ : | ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>1) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്പ്മെന്റ് സ്റ്റുഡിയോ (ORICE-Online Resourse Initiatives of Collegiate Education) മുഖേന ദേശീയ/അന്തർദേശീയ തലത്തിൽ പ്രഗത്ഭരായ അക്കാഡമീഷ്യന്മാരെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പുമായോ, സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട് അവരുടെ അറിവും, അനുഭവജ്ഞാനവും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും ഒരേ സമയം എത്തിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച ഓൺലൈൻ പ്ലാറ്റ്ഫോം ആണ് ഒറൈസ്. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോളേജുകളിൽ ടുവേ കമ്മ്യൂണിക്കേഷനിലൂടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈവ് സ്ട്രീമിംഗ് മുഖാന്തിരവും വിദ്യാർത്ഥികൾക്ക് പ്രയോജനകരമാം വിധം Beyond Syllabi, മലയാള സാഹിത്യയാത്ര Winglish മുതലായ പഠന പരമ്പരകളിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നു വരുന്നുണ്ട്.<br><br>2) ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം |

| | | | |
|---|---|---|---|
| | | | നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരെ ഉപയോഗിച്ചു കൊണ്ട് സമയബന്ധിതമായി ക്ലാസ്സുകൾ നൽകുന്നതിനും, സർവ്വകലാശാല പരീക്ഷക്ക് തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 63 സർക്കാർ കോളേജുകളിലും 151 എയിഡഡ് കോളേജുകളിലും Scholar Support Programme നടന്നു വരുന്നുണ്ട്.<br><br>3) പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി പഠിതാവിനൊപ്പം (Walk With Scholar) എന്ന പദ്ധതി 63 സർക്കാർ കോളേജുകളിലും 151 എയിഡഡ് കോളേജുകളിലും നടന്നു വരുന്നു.<br><br>4) കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുക വഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളിലൂടെയും ഗവേഷണങ്ങളിലൂടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനു വേണ്ടി FLAIR (Fostering Linkages For Academic Innovation And Research )പദ്ധതി നടത്തി വരുന്നു.<br><br>5) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ BSNL- ന്റെ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് മുഖാന്തിരം അതിവേഗ സ്റ്റേബിൾ ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നു. ഒരു ഇന്റർനെറ്റ് ഹബ്ബിൽ നിന്നും ക്യാമ്പസ് മുഴുവനും ഒപ്റ്റിക്കൽ ഫൈബർ കേബിളിലൂടെ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത് വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും ഒരു പോലെ പ്രയോജനം ചെയ്യുന്നു ഇ-ലേണിംഗ് പോലുള്ള അത്യാധുനിക സംവിധാനങ്ങൾ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനും അധ്യാപകർക്ക് ഓൺലൈൻ ക്ലാസ്സ് എടുക്കുന്നതിനും പ്രസ്തുത സാങ്കേതിക വിദ്യയിലൂടെ സാധിക്കുന്നു.<br><br>6) രാജ്യത്തെ മികച്ച ഫാക്കൽറ്റിയിലൂടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന M.Phil/P.hd/PG വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | അവർ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് പുറമെ ഹ്രസ്വകാല പഠനങ്ങൾ നടത്തുന്നതിനും പ്രൊജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരെയും സാമൂഹ്യശാസ്ത്രജ്ഞരെയും ആയി ചേർന്ന് ചെയ്യാനും ആസ്പർ സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട്.<br><br>7) യുവജനങ്ങളിൽ സാമൂഹ്യപ്രശ്നങ്ങളെ കുറിച്ചറിയാനും മനസിലാക്കാനുമുള്ള ആഗ്രഹം വളർത്തിയെടുക്കുന്നതിനും സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നിതിന് സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട്.<br><br>8) സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക, സാഹിത്യത്തിൽ ഉന്നതവിദ്യാഭ്യാസം നടത്താൻ അവസരം ഒരുക്കുക എന്നതിന് സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനുള്ള സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട്.<br><br>9) വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുകയും, ഈ മേഖലയിൽ ഉന്നതവിദ്യാഭ്യാസം നേടാൻ അവസരം ഒരുക്കുന്നതിനായി സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട്.<br><br>10) ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വികലാംഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്, ഉന്നതവിദ്യാഭ്യാസം സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആന്റ് റിസർച്ച് തിരുവനന്തപുരം, റെക്കറിംഗ് ഗ്രാന്റ്സ് ഇൻ എയ്ഡ്, പോസ്റ്റ് മെട്രിക്, പോസ്റ്റ് ഇന്റർമീഡിയേറ്റും ബിരുദാനന്തര പഠനങ്ങൾക്കുള്ള ദേശീയ സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടന്നു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 11) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യാഭ്യാസ പീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 10 ആർട്സ് & സയൻസ് കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്ത് പ്രസ്തുത കോളേജുകളിലെ ലാബ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.<br><br>12) വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ വർക്ക്ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിന് അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടത്തി വരുന്നു.<br><br>13) കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്രവികസനത്തിനായി ഈ വകുപ്പിന് കീഴിൽ ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതിയും നടത്തി വരുന്നു. പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം Development of Libraries, Laboratories and furniture in Govt.College 2202-03-103-76 ശീർഷകത്തിൽ 725 ലക്ഷം രൂപ വകയിരുത്തുകയും ആയത് കോളേജുകൾക്ക് അനുവദിക്കുകയും ചെയ്തു. |
| (ബി) | ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ സർക്കാർ/എയിഡഡ് കോളേജുകളിലും സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളിലും ബിരുദ, ബിരുദാനന്തര തലത്തിൽ നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 2009-മുതൽ നടപ്പിലാക്കിയതാണ് ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ അക്കാദമിക വർഷവും ബിരുദ പഠനത്തിന് 3000 സ്കോളർഷിപ്പുകളും ബിരുദാനന്തര ബിരുദ പഠനത്തിന് 1200 സ്കോളർഷിപ്പുകളും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | വിദ്യാർത്ഥികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എല്ലാ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും 'ജീവനി' കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ആധുനിക ലോകത്തിൽ വിദ്യാർത്ഥികളിലുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും അവർക്ക് ജീവിത പ്രശ്നങ്ങൾ നേരിടുന്നതിന് യഥാസമയം മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി ഉന്നതവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജീവനി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിൽ കേരളത്തിലെ 67 സർക്കാർ കോളേജുകളിൽ ജീവനി-വെൽബീയിംഗ് സെന്ററുകൾ സ്ഥാപിക്കുകയും വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി മേല്പറഞ്ഞ കോളേജുകളിൽ സൈക്കോളജി ബിരുദ/ബിരുദാനന്തര ഉദ്യോഗാർത്ഥികളെ ജീവനി അപ്രന്റീസുമാരായും താത്കാലികമായി നിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**